"ഭരണഭാഷ-മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം, ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പാലക്കാട്, ഫയൽ ചെയ്ത OA No 1593/2020 നമ്പർ കേസിലെ 12.10.2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2285/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 09.12.2020.**

---

പരാമർശം: 1) സ.ഉ(പി)3/2017/ഉഭപവ, തീയതി, 25.02.2017.

2) ഗ്രാമവികസന കമ്മീഷണറുടെ 05.10.2020-ലെ 7453/എസ്റ്റാ.ബി1/20/സിആർഡി നമ്പർ നടപടിക്രമം.

3) 06.10.2020-ലെ ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം (ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പാലക്കാട്) സമർപ്പിച്ച അപേക്ഷ. (Annexure A6)

4) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 1593/2020-മേലുള്ള 12.10.2020-ലെ ഉത്തരവ്.

5) ഗ്രാമവികസന കമ്മീഷണറുടെ 13.11.2020-ലെ 11004/എസ്റ്റാ.ബി1/20/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്കിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി ജോലി ചെയ്തുവരവെ പരാമർശം (2) പ്രകാരം പാലക്കാട് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ആയി സ്ഥലം മാറ്റം നൽകി ഉത്തരവായിരുന്നു. പ്രസ്തുത നടപടിക്രമം റദ്ദ് ചെയ്ത് അഴുത ബ്ലോക്ക് പഞ്ചായത്തിലോ അടുത്ത ജില്ലകളിൽ ഒഴിവുള്ള ബ്ലോക്കിലോ നിയമനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ OA No.1593/2020 ഫയൽ ചെയ്യുകയും പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. Annexure A6 അപേക്ഷ പരിഗണിച്ച് ആറ് ആഴ്ചയ്ക്കകം ഉത്തരവ് പുറപ്പെടുവിക്കാൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് പരാമർശം (4) പ്രകാരം ബഹു.കോടതി ഉത്തരവായിരുന്നു.

ശ്രീ. സക്കീർ ഹുസൈനെതിരെ നിരവധി പരാതികൾ ബ്ലോക്കിൽ ലഭിച്ചതിനെ തുടർന്ന്, ആരോപണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി ഇടുക്കി ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറെയും ഇടുക്കി അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണറേയും ചുമതലപ്പെടുത്തിയിരുന്നു. ടിയാൻ പദവിയ്ക്ക് ചേരാത്ത വിധത്തിൽ പൊതുജനങ്ങളോട് പെരുമാറുന്നതായും മേലധികാരികളോട് ഇൻസബോർഡിനേഷൻ കാണിക്കുന്നതായും മേലധികാരികളെ അറിയിക്കാതെയും പകരം ചുമതല ക്രമീകരണം ഏർപ്പെടുത്താതെയും ഓഫീസിൽ ഹാജരാകാതിരിക്കുന്നതായും ഒരു പബ്ലിക്ക് സെർവന്റ് എന്ന നിലയിൽ പാലിക്കേണ്ട

അച്ചടക്കം ലംഘിക്കുന്നതായും പൊതുജനങ്ങളോടും മേലധികാരികളോടുമുള്ള പരുഷമായ പെരുമാറ്റവും നിഷേധ സമീപനവും ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെയും ഭരണ നിർവഹണത്തെയും പ്രതികൂലമായി ബാധിക്കുമെന്നും അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിൽ നിലവിലുള്ളതും മുന്നോട്ട് ഉണ്ടായേക്കാവുന്നതുമായ ഭരണ പ്രതിസന്ധി ഒഴിവാക്കുന്നതിനായാണ് ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിമിനെ ഇടുക്കി ജില്ലയിൽ നിന്നും സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (1)-ലെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം ഒരു ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും ഒരു ജീവനക്കാരന്റെ സ്ഥലംമാറ്റം അനിവാര്യമാണെങ്കിൽ ആയത് നടത്താവുന്നതാണ്. ഈ സാഹചര്യത്തിൽ ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകൻ സമർപ്പിച്ച നിവേദനം (Annexure A6) നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (5) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം (ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, പാലക്കാട്) (ഗ്രാമവികസന കമ്മീഷണർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ